

# മഴത്തുള്ളികൾ



# അവതാരിക

വിദ്യാലയ ജീവിതത്തിന്റെ
നിറപ്പകിട്ടാർന്ന വഴികളിൽ കൂടി
ചിത്രശലഭങ്ങളെ പോലെ പാറിപ്പറക്കുന്ന
നമ്മുടെ കുരുന്നുകൾ അവരുടെ
വിരൽത്തുമ്പുകളിലെ വിസ്മയങ്ങളിൽ
ചിരിയും ചിന്തയും ഭാവനയും കൈകൾ
കോർക്കുന്ന അടരാതെ പൊഴിയാതെ
പെറുക്കിയെടുത്ത ചില നറുമുത്തുകളിതാ
പ്രിയമോടെ നിങ്ങൾക്കായി
സമർപ്പിക്കുന്നു ..

# കുട്ടികൾ വരച്ച
# ചിത്രങ്ങൾ
# നിർമ്മിതികൾ





അറിവിൻപുതുലോകം
പിഞ്ചുകുഞ്ഞിൻ മനസ്സിൽ
ആദ്യാറിവ് പകർത്തു നൽകുന്നതെൻ അമ്മതൻ
അമ്മിഞ്ഞപ്പാൽ അമ്മതൻ മധുരമാം മന്ദസ്മിതത്തിൽ
ലോകമാം അറിവിനെ വായിച്ചീടും കുഞ്ഞിളം കാലാൽ
പിച്ചവച്ചുനടക്കും പാവകൾ അറിവിൻ പുതുനാമ്പായ്
അറിവിനെ വിരലാൽ തൊടാൻ
ഗുരുവെന്നരികിലെത്തി
പുതുകമെൻ കളിത്തൊഴിത്തായ്
ഇരുളിൽ നിന്ന് വെളിച്ചത്തേക്ക്
വഴികാട്ടുവാൻ ഗുരുനാഥൻ കടാക്ഷമായ്

കാർമേഘം
മനം പോലെ മാനവും
ഇരുളുന്നു വീണ്ടും
പെയ്തൊഴിയുന്നില്ല.
ഒരു തുള്ളിപോലും
ഘനമേറെയാണുതാനും
ആർത്തലച്ചു പെയ്യണം
ലഘുവായ് വീണ്ടും
വാനിലേക്കുണർന്നുയരാൻ
ഈ ചക്രമിതുപോൽ
തുടരുവാൻ



# പ്രളയത്തെ അതിജീവിച്ച ജനങ്ങൾ

2018ആഗസ്റ്റിൽ ഉണ്ടായ പ്രളയം കേരത്തിന്റെ ഓർമ്മയിൽ ഒരുപേടിസ്വപ്നമായി അവശേഷിക്കും വിവരണാതീതമായ ദുരിതങ്ങളിൽ കൂടിയാണ് കേരളജനത കടന്നു വന്നത് പ്രളയദുരിതം നേരിട്ട് അനുഭവിക്കാത്തവരു ം ദൃശ്യമാധ്യമങ്ങളിലൂ ടെയും ദിനപത്രങ്ങളിലൂടേയു ം വേദനാജനകമായ അനുഭവങ്ങൾ പങ്കുവച്ചു ദിനംപ്രതി വന്ന വാർത്തകൾ മനുഷ്യസ്നേഹികളുടെ ഉറക്കം കെടുത്തി പ്രളയം ദുരിതം വിതച്ചെങ്കിലും കേരളീയന്റെ നവോത്ഥാനമനസ്സ് ഉണർന്നെണീറ്റുകൊ ണ്ട് ജീവരക്ഷയ്ക്കായി പ്രളയത്തിലേക്ക് ഇറങ്ങി ജാതി മത രാഷ്ട്രീയ

പരീഗണനകൾ ഏതുമില്ലാതെ

രക്ഷാപ്രവർത്തകാർ

പ്രവർത്തിച്ചതുകൊണ്ടാണ് മരണസംഖ്യയും

മറ്റും കുറയ്ക്കാൻ കഴിഞ്ഞത്

# പ്രകൃതി

സുന്ദരമീ പ്രപഞ്ചം
എത്രസുന്ദരം എത്രസുന്ദരം
ഹരിതപൂർണമിപ്രപഞ്ചം
എത്ര സുന്ദരം എത്രസുന്ദരം
പുഴയും അരുവിയും ആ കാട്ടാറും...
മഞ്ഞും മഴയും ചേരുമീ സുന്ദരഭൂമി
കൂകിപാടും കുയിലമ്മയും ആടികളിക്കും
മയിലമ്മയും പാറിപറന്ന കിളികളും എല്ലാവരും
ചേർന്നൊരു സുന്ദരഭൂമി...
അരുണനുദിക്കും മലമുകളിൽ
അരുനൊളിക്കും താഴ്വരിൽ
വിണ്ണിൽ വിരിയിൽ താരനിരകളും
കൂടെ കൂട്ടിനു അമ്പിളി അമ്മാവനും
എത്രസുന്ദരം എത്രസുന്ദരം
എൻ പ്രപഞ്ചം എത്രസുന്ദരം..
നന്ദി .....നമസ്കാരം .......

# ചങ്ങാതിയായ പുസ്തകം

പുസ്തകം നമ്മുടെ ചങ്ങാതീ
വായന നമ്മുടെ കൂട്ടാളീ
പുസ്തകമാം ഈ പൂവുകളിൽ
വായനയാമൊരു തേൻ നുകരാം
വായനയാകട്ടെ ലഹരി.
വായനാ തന്നുടെ ചിറകേന്തി
അതിസുന്ദരമാം ഈ ലോകത്തിൽ
പാറിനടന്നു കളിച്ചിടാം
അജ്ഞാത തന്നുടെ വഴിവിട്ട്
വായനയാമീ വെളിച്ചവുമായ്
പാറിനടന്നു പഠിച്ചിടാമത്
നമ്മുടെ തലമുറതുടരട്ടെ....
അക്ഷരമാം മധുതേൻ നുകരാൻ
ഒരു മിച്ചങ്ങനെ പാറിടാം



THANKS

# LITTLE KITES

# BATCH:2022-25

# SKVHS

# KADAMPATTUKONAM